"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - 1973 കാലയളവിൽ വനഭൂമിയിൽ നിന്നും കടിയൊഴിപ്പിക്കപ്പെട്ട ശ്രീ.മാണി ഡൊമിനിക്കിന്, ഇടുക്കി ജില്ലയിൽ പീരുമേട് താലൂക്കിൽ മഞ്ചു മല വില്ലേജിലെ സർവ്വേ നമ്പർ 182 ൽ പെട്ട 0.1214 ഹെക്ടർ (29.9858 സെന്റ്) ഭൂമി 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾ, ചട്ടം 24 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ സവിശേഷാധികാരമുപയോഗിച്ച് പാർപ്പിട ആവശ്യത്തിനായി, സൗജന്യമായി, പതിച്ച നൽകുന്നതിന് ഇടുക്കി ജില്ലാ കളക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ(എ)വകുപ്പ്

സ.ഉ.(കൈ) നം.209/2023/RD തീയതി,തിരുവനന്തപുരം, 11-09-2023

---

പരാമർശം:-
1. സ.ഉ(കൈ).278/92/റവ, തീയതി 22.05.1992.
2. 17.12.1992 ലെ 65487/പി2/1992/റവ നം സർക്കാർ കത്ത്.
3. 06.03.1996 ലെ 78331/ആർ3/1994/റവ. നം സർക്കാർ കത്ത്.
4. ഒ.പി 15085/96 മേൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച 28.06.2005 ലെ വിധിന്യായം.
5. സ.ഉ(സാധാ).4062/06/റവ, തീയതി 05.10.2006.
6. ജില്ലാ കളക്ടറുടെ 19.1.2023-ലെ DCDK/585/2018-C12 നം കത്ത്
7. ലാന്റ് റവന്യൂ കമ്മീഷണറുടെ 05.10.2022,19.02.2023,04.04.2023 തീയതികളിലെ LR/1678/2022-LR(J1) നം കത്ത്.

**ഉത്തരവ്**

ഇടുക്കി ജില്ലയിൽ തൊടുപുഴ താലൂക്കിൽ പാമ്പള ഭാഗത്ത് ശ്രീ.മാണി ഡൊമിനിക് കൈവശം വച്ചിരുന്ന 4 ഏക്കർ വന ഭൂമിയിൽ നിന്നും വനം വകുപ്പ് 1973 കാലയളവിൽ ടിയാനെ കടിയിറക്കിയിരുന്നുവെന്നും നിലവിൽ സ്വന്തമായി ഒരു സെന്റ് സ്ഥലം പോലും ഇല്ലാത്തതിനാൽ കടിയിറക്കിയ സ്ഥലം തിരികെ അനുവദിച്ച കിട്ടണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ടിയാൻ സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു.

2. പരാമർശം (1) ലെ ഉത്തരവ് പ്രകാരം 01.01.1977 ന് മുമ്പ് വനഭൂമിയിൽ നിന്നും കുടിയിറക്കിയവരെ പുനരധിവസിപ്പിക്കുന്നത് പരിഗണിക്കാൻ വ്യവസ്ഥയുള്ളതിന്റെയടിസ്ഥാനത്തിൽ ഒരു പാർപ്പിടം നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം ടിയാന് പതിച്ച കൊടുക്കുവാൻ വേണ്ട നടപടി കൈക്കൊള്ളുവാൻ പരാമർശം (2) ലെ കത്ത് പ്രകാരം ഇടുക്കി ജില്ലാ കളക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. പതിവിന് പര്യാപ്തമായ സ്ഥലം മാങ്കുളത്ത് നീക്കി വച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് മാങ്കുളം വില്ലേജിലെ 1134-ാം നമ്പർ പ്ലോട്ടിൽ നിന്നും 2 5 സെന്റ് സ്ഥലം പതിച്ച നൽകുന്നതിന് ദേവികുളം തഹസീൽദാർ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ കക്ഷി 1134-ാം നം. പ്ലോട്ടിലെ 1 ഹെക്ടർ ഭൂമി അനധികൃതമായി കയ്യടക്കുകയും പ്രസ്തുത ഭൂമി കെ.ഡി.എച്ച് ആക്ടിന്റെ പരിധിയിൽ വരുന്നതാകയാൽ പതിച്ച്

കൊടുക്കാൻ സാധിക്കാതെ വന്നതിനെ തുടർന്ന് മാങ്കുളത്ത് ഭൂമി പതിച്ചു നൽകുന്നതിന് സ്വീകരിച്ച എല്ലാ നടപടികളും റദ്ദാക്കി. ഇപ്രകാരം അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിന് ശ്രീ.മാണി ഡൊമിനിക്കിനെതിരെ റവന്യൂ അധികൃതർ നടപടി സ്വീകരിക്കവേ ഇതിനെതിരെ ടിയാൻ സർക്കാരിനെ സമീപിക്കുകയും പരാമർശം (3) കത്ത് പ്രകാരം സർക്കാർ കുടിയൊഴിപ്പിക്കൽ നടപടി സ്റ്റേ ചെയ്യുകയുമുണ്ടായി.

3. അതിനിടയിൽ പരാമർശം (3) സർക്കാർ കത്തിലെ സ്റ്റേ ഉത്തരവ് ഇടുക്കി ജില്ലാ കളക്ടറും തഹസീൽദാരും പാലിക്കുന്നില്ലായെന്നാരോപിച്ച് പരാതിക്കാരൻ ബഹു.ഹൈക്കോടതി മുമ്പാകെ ഒ.പി 15085/96 ഫയൽ ചെയ്യുകയും ടി കേസിലെ 28.06.2005 ലെ വിധിന്യായത്തിൽ ബഹു.ഹൈക്കോടതി, പരാതിക്കാരന് നോട്ടീസ് നൽകി ഈ വിഷയം അന്തിമമായി തീർപ്പ് കല്പിക്കുന്നതിന് സർക്കാരിനോട് നിർദ്ദേശിക്കുകയും ചെയ്തു. മേൽപ്പറഞ്ഞതിൻ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ, പതിവിനായുള്ള അപേക്ഷകന്റെ അപേക്ഷയും നിയമപ്രകാരം പരിഗണിക്കണമെന്ന് ബഹു. ഹൈക്കോടതി വ്യക്തമാക്കിയിരുന്നു. സർക്കാർ കേസ് തീർപ്പാക്കുന്നതുവരെ കോടതി പുറപ്പെടുവിച്ച ഇടക്കാല ഉത്തരവ് തുടരുമെന്നും കോടതി ഉത്തരവിട്ടിരുന്നു. 28.06.2006 ൽ കക്ഷിയെ നേരിൽ കേൾക്കുകയും തുടർന്ന് കെ.ഡി.എച്ച് ആക്ടിന്റെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ അപേക്ഷകന്റെ അപേക്ഷ നിരസിച്ച് കൊണ്ടും ശ്രീ.മാണി ഡൊമിനിക്കിന് ഇടുക്കി ജില്ലയിൽ മാങ്കുളത്തെ ഭൂമി ഒഴികെ എവിടെയെങ്കിലും 2 5 സെന്റ് പതിച്ചു നൽകുന്നതിന് ഇടുക്കി ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയും പരാമർശം (5) സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. കൂടാതെ ശ്രീ മാണി ഡൊമിനിക്കിന് ബദൽ ഭൂമി പതിച്ചു നൽകി കഴിഞ്ഞാൽ മാത്രമേ ഒഴിപ്പിക്കലിനെതിരെ പരാമർശം (3) കത്ത് പ്രകാരം പുറപ്പെടുവിച്ച സ്റ്റേ ഓർഡർ ഒഴിവാകുകയുള്ളു എന്നും ഉത്തരവിൽ പ്രതിപാദിച്ചിരുന്നു.

4. ശ്രീമാണി ഡൊമിനിക്കിന് ഇടുക്കി ജില്ലയിൽ പീരുമേട് താലൂക്കിൽ മഞ്ചുമല വില്ലേജിലെ സർവ്വേ നമ്പർ 182 ൽ പെട്ട 0.1214 ഹെക്ടർ (29.9858 സെന്റ്) സ്ഥലം കണ്ടെത്തിയിട്ടുള്ളതായും ആയതിന്റെ കമ്പോള വില ആർ ഒന്നിന് 12,400/- രൂപയെന്നു കണക്കാക്കിയിട്ടുള്ളതായും ലാന്റ് റവന്യൂ കമ്മീഷണറും ഇടുക്കി ജില്ല കളക്ടറും റിപ്പോർട്ട് ചെയ്തിരുന്നു.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 1973 കാലയളവിൽ വനഭൂമിയിൽ നിന്നും കുടിയൊഴിപ്പിക്കപ്പെട്ട ശ്രീ.മാണി ഡൊമിനിക്കിന്, ഇടുക്കി ജില്ലയിൽ പീരുമേട് താലൂക്കിൽ മഞ്ചു മല വില്ലേജിലെ സർവ്വേ നമ്പർ 182 ൽ പെട്ട 0.1214 ഹെക്ടർ (29.9858 സെന്റ്) ഭൂമി 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾ, ചട്ടം 24 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ സവിശേഷാധികാരമുപയോഗിച്ച് പാർപ്പിട ആവശ്യത്തിനായി, സൗജന്യമായി, പതിച്ചു നൽകുന്നതിന് ഇടുക്കി ജില്ലാ കളക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ടിങ്കു ബിസ്വാൾ

പ്രിൻസിപ്പൽ സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

ജില്ലാ കളക്ടർ, ഇടുക്കി

ശ്രീ.മാണി ഡൊമിനിക്, കൊടിഞ്ഞികല്ലിങ്കൽ,മാങ്കുളം.പി.ഒ,ഇടുക്കി

നിയമ വകുപ്പ് (G2/161/2022/LAW പ്രകാരം)

ധനകാര്യ വകുപ്പ് ( 15.06.2023 ലെ EXP-D3/80/2023-FIN പ്രകാരം).

പൊതുഭരണ(എസ്.സി)വകുപ്പ് (ഇനം നം 1751, തീയതി 07.09.2023)

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ /ഓഫീസ് കോപ്പി (എ2/205/2022/റവ)

ഉത്തരവിൻ പ്രകാരം

Signed by
Sureshkumar K
Date: 12-09-2023 15:24:16

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 07-09-2023

ഫയൽ നം. എ2/205/2022/റവ. ഇനം നം: 1751

വിഷയം : റവന്യൂ വകുപ്പ് - മഞ്ചുമല വില്ലേജിലെ സർവ്വേ നമ്പർ 182-ൽ പെട്ട 0.1214 ഹെക്ടർ (29.9858 സെന്റ്) ഭൂമി 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾ, ചട്ടം 24 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ സവിശേഷാധികാരം ഉപയോഗിച്ച് ശ്രീ. മാണി ഡൊമിനിക്കിന് പാർപ്പിട ആവശ്യത്തിനായി, സൗജന്യമായി, പതിച്ചു നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

7/9

8/9

1751

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | എ 2/205/2022/റവ. |
| 2. | വകുപ്പ് | : | റവന്യൂ (എ) വകുപ്പ് |
| 3. | വിഷയം | : | മഞ്ഞു മല വില്ലേജിലെ സർവ്വേ നമ്പർ 182 ൽ പെട്ട 0.1214 ഹെക്ടർ (29.9858 സെന്റ്) ഭൂമി 1964 ലെ ഭൂമി പതിവ് ചട്ടങ്ങൾ, ചട്ടം 24 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ സവിശേഷാധികാരം ഉപയോഗിച്ച് ശ്രീ.മാണി ഡൊമിനിക്കിന് പാർപ്പിട ആവശ്യത്തിനായി, സൗജന്യമായി, പതിച്ച നൽകുന്നത് - സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 08/07/2023 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ ? | : | അതെ |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്, നിയമ വകുപ്പിന്റെ അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി.മേരി ലാലി.സി.വൈ |
| 8. | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ടിങ്കു ബിസ്വാൾ |
| 9. | മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 18/08/2023 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വേണു.വി |
| 11. | മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 21/08/2023 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.കെ.രാജൻ |
| 13. | മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 23/08/2023 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 26/08/2023 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

ഇടുക്കി ജില്ലയിൽ പീരുമേട് താലൂക്കിൽ മഞ്ചു മല വില്ലേജിലെ സർവ്വേ നമ്പർ 182 ൽ പെട്ട 0.1214 ഹെക്ടർ (29.9858 സെന്റ്) ഭൂമിയോ 25 സെന്റ് ഭൂമിയോ 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾ, ചട്ടം 24 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ സവിശേഷാധികാരമുപയോഗിച്ച് ശ്രീ.മാണി ഡൊമിനിക്കിന് പാർപ്പിട ആവശ്യത്തിനായി, സൗജന്യമായി, പതിച്ചു നൽകുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2. ശ്രീ. മാണി ഡൊമനിക് ഇടുക്കി ജില്ലാ കളക്ടർ മുമ്പാകെ 19/05/1992 ൽ സമർപ്പിച്ച അപേക്ഷ പ്രകാരം തൊടുപുഴ താലൂക്കിൽ പാമ്പള ഭാഗത്ത് ടിയാൻ കൈവശം വച്ചിരുന്ന 4 ഏക്കർ വന ഭൂമിയിൽ നിന്നും വനം വകുപ്പ് 1973 കാലയളവിൽ ടിയാനെ കുടിയിറക്കുകയുണ്ടായി. നിലവിൽ സ്വന്തമായി ഒരു സെന്റ് സ്ഥലം പോലും ഇല്ലാത്തതിനാൽ കുടിയിറക്കിയ സ്ഥലം തിരികെ അനുവദിച്ചു കിട്ടുന്നതിന് ടിയാൻ അപേക്ഷിച്ചിരുന്നു. അപേക്ഷകൻ പാമ്പള ഭാഗത്ത് നിന്നും കുടിയൊഴിപ്പിക്കപ്പെട്ടവരിൽ ഉൾപ്പെട്ടിട്ടുള്ളതാണെന്ന് തൊടുപുഴ തഹസിൽദാർ റിപ്പോർട്ട് ചെയ്യുകയും പുനരധിവസിപ്പിക്കുന്നതിനായുള്ള ടിയാന്റെ അപേക്ഷ പരിഗണിക്കാവുന്നതാണെന്ന് ശുപാർശ ചെയ്യുകയും ചെയ്തിരുന്നു.

3. 22.05.1992 ലെ സ.ഉ.(കൈ)278/92/ആർ.ഡി ഉത്തരവ് പ്രകാരം 01.01.1977 ന് മുമ്പ് വനഭൂമിയിൽ നിന്നും കുടിയിറക്കിയവരെ പുനരധിവസിപ്പിക്കുന്നതിന് പരിഗണിക്കാൻ വ്യവസ്ഥയുള്ളതാണ്. അതിന്റെയടിസ്ഥാനത്തിൽ ഒരു പാർപ്പിടം നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം ടിയാന് പതിച്ചു കൊടുക്കുവാൻ വേണ്ട നടപടി കൈക്കൊള്ളുവാൻ 17.12.1992 ലെ 65487/P2/92/റവന്യൂ നം. കത്ത് പ്രകാരം ഇടുക്കി ജില്ലാ കളക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. പതിവിന് പര്യാപ്തമായ സ്ഥലം മാങ്കുളത്ത് നീക്കി വച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് മാങ്കുളം വില്ലേജിലെ 1134-ാം നം പ്ലോട്ടിൽ നിന്നും 25 സെന്റ് സ്ഥലം പതിച്ചു നൽകുന്നതിന് ദേവികുളം തഹസീൽദാർ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നു.

4. എന്നാൽ മാങ്കുളം മിച്ചഭൂമിയിൽ നിന്നും ഭൂമി പതിച്ചു നൽകുന്നതിന് ഗവൺമെന്റിന് കെ.ഡി.എച്ച് റൂൾ 1977 പ്രകാരം ഉണ്ടായിരുന്ന പ്രത്യേക അധികാരം റൂൾ 26 ഇല്ലാതായതിനെ തുടർന്ന് പ്രസ്തുത ഭൂമി പതിച്ച് കൊടുക്കാൻ സാധിക്കാതെ വരികയുണ്ടായി. തുടർന്ന് മാങ്കുളത്ത് ഭൂമി പതിച്ചു നൽകുന്നതിന് സ്വീകരിച്ച എല്ലാ നടപടികളും റദ്ദാക്കി. അതിനു പകരം പാർപ്പിടം നിർമ്മിക്കുന്നതിന് അനുയോജ്യമായ ഒരു സ്ഥലം മറ്റെവിടെയെങ്കിലും കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തു. എന്നാൽ കക്ഷി 1134-ാം നം. പ്ലോട്ടിലെ 1 ഹെ ഭൂമി കയ്യടക്കുകയും കുടിയൊഴിപ്പിക്കപ്പെട്ട വനഭൂമിക്ക് സമാനമായ ഭൂമി തന്റെ പേരിൽ പതിച്ചു കിട്ടുന്നതിന് വാദിക്കുകയുണ്ടായി. ഇപ്രകാരം അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിന് ശ്രീ.മാണി ഡൊമിനിക്കിനെതിരെ റവന്യൂ അധികൃതർ നടപടി സ്വീകരിക്കവേ ഇതിനെതിരെ ടിയാൻ സർക്കാരിനെ സമീപിച്ചു. സർക്കാർ 06.03.1996 ലെ 78331/R3/94/RD കത്ത് പ്രകാരം കുടിയൊഴിപ്പിക്കൽ നടപടി സ്റ്റേ ചെയ്യുകയുണ്ടായി.

5. അതിനിടയിൽ 06.03.1996 ലെ സർക്കാർ കത്തിലെ സ്റ്റേ ഉത്തരവ് ഇടുക്കി ജില്ലാ കളക്ടറും തഹസീൽദാരും പാലിക്കുന്നില്ലായെന്നാരോപിച്ച് പരാതിക്കാരൻ ബഹു.ഹൈക്കോടതി മുമ്പാകെ ഒ.പി 15085/96 ഫയൽ ചെയ്യുകയും 08.10.1996 ലെ ഇടക്കാല ഉത്തരവിൽ സർക്കാർ നൽകിയ സ്റ്റേ ഉത്തരവ് പാലിക്കുന്നതിന് ബന്ധപ്പെട്ട കക്ഷികളോട് ബഹു.ഹൈക്കോടതി ഉത്തരവിടുകയും ചെയ്തു. 28.06.2005 ലെ വിധിന്യായത്തിൽ ബഹു.ഹൈക്കോടതി പരാതിക്കാരന്

നോട്ടീസ് നൽകി ഈ വിഷയം അന്തിമമായി തീർപ്പ് കല്പിക്കുന്നതിന് സർക്കാരിനോട് നിർദ്ദേശിക്കുകയും ചെയ്തു. മേൽപ്പറഞ്ഞതിൻ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ, പതിവിനായുള്ള അപേക്ഷകന്റെ അപേക്ഷയും നിയമപ്രകാരം പരിഗണിക്കണമെന്ന് ബഹു. ഹൈക്കോടതി വ്യക്തമാക്കിയിരുന്നു. സർക്കാർ കേസ് തീർപ്പാക്കുന്നതുവരെ കോടതി പുറപ്പെടുവിച്ച ഇടക്കാല ഉത്തരവ് തുടരുമെന്നും കോടതി ഉത്തരവിട്ടിരുന്നു. 28.06.2006 ൽ കക്ഷിയെ കേൾക്കുകയുണ്ടായി. കഴിഞ്ഞ 17 വർഷമായി ടി ഭൂമിയിൽ താമസിച്ചു വരികയാണെന്നും ടി ഭൂമി പതിച്ച് നൽകണമെന്നും ഹിയറിംഗിൽ ടിയാൻ ആവശ്യപ്പെടുകയുണ്ടായി. എന്നാൽ കെ.ഡി.എച്ച് ആക്റ്റിന്റെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ ടിയാന്റെ അപേക്ഷ നിരസിക്കുവാൻ സർക്കാർ തീരുമാനിച്ചു. അപ്രകാരം അപേക്ഷകന്റെ അപേക്ഷ നിരസിച്ച് കൊണ്ടും ശ്രീ.മാണി ഡൊമിനിക്കിന് ഇടുക്കി ജില്ലയിൽ മാങ്കുളത്തെ ഭൂമി ഒഴികെ എവിടെയെങ്കിലും 25 സെന്റ് പതിച്ചു നൽകുന്നതിന് ഇടുക്കി ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയും 05.10.06 ലെ സ.ഉ.(സാധാ)4062/06/റവ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. കൂടാതെ ശ്രീ. മാണി ഡൊമിനിക്കിന് ബദൽ ഭൂമി പതിച്ചു നൽകി കഴിഞ്ഞാൽ മാത്രമേ ഒഴിപ്പിക്കലിനെതിരെ 06.03.1996 ലെ 78331/R3/94/RD കത്ത് പ്രകാരം പുറപ്പെടുവിച്ച സ്റ്റേ ഓർഡർ ഒഴിവാകുകയുള്ളു എന്നും ഉത്തരവിൽ പ്രതിപാദിച്ചിരുന്നു.

6. ഇടുക്കി ജില്ലയിൽ മാങ്കുളത്തല്ലാതെ വേറെ എവിടെയെങ്കിലും ശ്രീ.മാണി ഡൊമിനിക്കിന് 25 സെന്റ് ഭൂമി പതിച്ചു കൊടുക്കാൻ ലഭ്യമാണോയെന്ന വിവരം ലഭ്യമാക്കുവാൻ ഇടുക്കി ജില്ലാ കളക്ടർക്കും ലാന്റ് റവന്യൂ കമ്മീഷണർക്കും നിർദ്ദേശം നൽകിയിരുന്നു. ശ്രീ.മാണി ഡൊമനിക്കിന് മഞ്ചുമല വില്ലേജിലെ സർവ്വേ നമ്പർ 182 ൽ പെട്ട 0.1214 ഹെക്ടർ (29.9858 സെന്റ്) സ്ഥലം കണ്ടെത്തിയിട്ടുള്ളതായും ആയതിന്റെ കമ്പോള വില ആർ ഒന്നിന് 12,400/- രൂപയെന്നു കണക്കാക്കിയിട്ടുള്ളതായും ലാന്റ് റവന്യൂ കമ്മീഷണറും ഇടുക്കി ജില്ല കളക്ടറും റിപ്പോർട്ട് ചെയ്തിരുന്നു.

7. ഈ വിഷയത്തിൽ നിയമ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായം ലഭ്യമാക്കുകയുണ്ടായി.

*"1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ, ചട്ടം 4 അനുസരിച്ച് കൃഷി, ഭവന നിർമാണം, അയൽ വസ്തുവിന്റെ ഗുണകരമായ അനുഭവം എന്നീ ആവശ്യങ്ങൾക്കായാണ് സർക്കാർ ഭൂമി പതിച്ച് നൽകാറുള്ളത്. ചട്ടം 6 അനുസരിച്ച് ഭവന നിർമാണത്തിനായി പരമാവധി 15 സെന്റ് വരെ ഭൂമിയാണ് പതിച്ച് നൽകുന്നതിന് വ്യവസ്ഥയുള്ളത്. ടി കേസിൽ മഞ്ചു മല വില്ലേജിലെ സർവ്വേ നമ്പർ 182 ൽ പെട്ട 0.1214 ഹെക്ടർ (29.9858 സെന്റ്) ഭൂമിയാണ് ശ്രീ .മാണി ഡൊമിനികിന് പതിച്ചു നൽകുന്നതിനായി കണ്ടെത്തിയിട്ടുള്ളത്. 1960 ലെ കേരള ഭൂമി പതിവ് നിയമം, വകുപ്പ് 4 അനുസരിച്ച് കൃഷി, ഭവന നിർമാണം എന്നീ ആവശ്യങ്ങൾക്കായി ഭൂമി പതിവ് ചെയ്ത് നൽകുന്നതിനുള്ള അധികാരി തഹസിൽദാറാണ് . എന്നാൽ ടി നിയമത്തിലും ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ പ്രസ്തുത ആവശ്യങ്ങൾക്കായി പതിച്ച് നൽകുന്നതിന് അനുവദനീയമായ അളവിലുള്ള ഭൂമി നിശ്ചയിച്ചിട്ടുള്ള നിരക്ക് ഈടാക്കി മാത്രമെ പതിച്ച് നൽകുവാൻ സാധിക്കുകയുള്ളൂ. എന്നാൽ 1964 ലെ ഭൂമി പതിവ് ചട്ടങ്ങൾ, ചട്ടം 24 അനുസരിച്ച് പൊതു താൽപര്യാർത്ഥം ഭൂമി പതിച്ച് നൽകേണ്ടത് അത്യന്താപേക്ഷിതമാണെന്ന് സർക്കാരിന് ബോധ്യപ്പെടുന്ന സംഗതിയിൽ ടി ചട്ടങ്ങളിലെ വ്യവസ്ഥകൾ ബാധകമാക്കാതെ സർക്കാർ നിശ്ചയിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി ഏതൊരു ഭൂമിയും പതിച്ച് നൽകുന്നതിന് സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതാണ്.*

ഒ.പി.15085/96 കേസിൽ 28/06/2005 ന് പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായം നടപ്പിലാക്കിക്കൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള GO(Rt)4062/06/RD dtd. 5.10.06 സർക്കാർ ഉത്തരവ് പ്രകാരം ഇടുക്കി ജില്ലയിൽ മറ്റെവിടെയെങ്കിലും ടിയാന് 25 സെന്റ് ഭൂമി പതിച്ചു നൽകുന്നതിന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിക്കൊണ്ടും അപ്രകാരം പതിച്ച് നൽകുന്നത് വരെ ടിയാനെ

ഒഴിപ്പിക്കരുത് എന്നും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. എന്നാൽ നാളിതുവരെ ഭൂമി പതിച്ച് നൽകിയിട്ടില്ല. ടിയാന് പതിച്ചുനൽകുന്നതിനായി കണ്ടെത്തിയിട്ടുള്ള ലാൻഡ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള മഞ്ചു മല വില്ലേജിലെ സർവ്വേ നമ്പർ 182 ൽ പെട്ട 0.1214 ഹെക്ടർ (29.9858 സെന്റ് സംബന്ധിച്ച്) ഭൂമി 1964 ലെ ഭൂമി പതിവ് ചട്ടങ്ങൾ, ചട്ടം 24 പ്രകാരമുള്ള സവിശേഷാധികാരമുപയോഗിച്ച് പതിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു".

8. ഈ വിഷയത്തിൽ ധനകാര്യ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായം ലഭ്യമാക്കുകയുണ്ടായി.

"ശ്രീ.മാണി ഡൊമിനിക് മുൻപ് കൈയ്യേറ്റം നടത്തിയിട്ടുണ്ടെങ്കിലും താമസ സൗകര്യം (പാർപ്പിടം) എന്നത് അടിസ്ഥാന ആവശ്യമാണ് എന്ന വസ്തുത മുൻ നിർത്തിയും, നിയമ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലും മഞ്ചു മല വില്ലേജിലെ സർവ്വേ നമ്പർ 182 ൽ പെട്ട 0.1214 ഹെക്ടർ (29.9858 സെന്റ്) ഭൂമി 1964 ലെ ഭൂമി പതിവ് ചട്ടങ്ങൾ, ചട്ടം 24 പ്രകാരമുള്ള സവിശേഷാധികാരമുപയോഗിച്ച് സൗജന്യമായി പതിച്ചു നല്കുന്നതിനോട് ധനവകുപ്പ് യോജിക്കുന്നു എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു."

9. ശ്രീ.മാണി ഡൊമിനിക്കിന് പകരം ഭൂമി അനുവദിക്കുന്നതിന് കണ്ടെത്തിയിട്ടുള്ള മഞ്ചു മല വില്ലേജിലെ സർവ്വേ നമ്പർ 182 ൽ പെട്ട 0.1214 ഹെക്ടർ (29.9858 സെന്റ്) ഭൂമി 1964 ലെ ഭൂമി പതിവ് ചട്ടങ്ങൾ, ചട്ടം 24 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ സവിശേഷാധികാരമുപയോഗിച്ച് പാർപ്പിടാവശ്യത്തിനായി, സൗജന്യമായി, പതിച്ചു നൽകുന്നത് സംബന്ധിച്ച വിഷയത്തിൽ ഉത്തരവിനായി ഫയൽ ചംക്രമണം ചെയ്തപ്പോൾ പ്രസ്തുത വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിരുന്നു.

## തീരുമാനിക്കേണ്ട വിഷയം

1973 കാലയളവിൽ വനഭൂമിയിൽ നിന്നും കുടിയൊഴിപ്പിക്കപ്പെട്ട ശ്രീ.മാണി ഡൊമിനിക്കിനെ 22.05.1992-ലെ സ.ഉ(കൈ)278/92/ആർ.ഡി ഉത്തരവിലെ വ്യവസ്ഥ പ്രകാരവും ജില്ലാ കളക്ടറും ലാൻഡ് റവന്യൂ കമ്മീഷണറും റിപ്പോർട്ട് ചെയ്ത പ്രകാരവും ഇടുക്കി ജില്ല പീരുമേട് താലൂക്ക് മഞ്ചു മല വില്ലേജിലെ സർവ്വേ നമ്പർ 182 ൽ പെട്ട 0.1214 ഹെക്ടർ ( 29.9858 സെന്റ്) ഭൂമി 1964 ലെ ഭൂമി പതിവ് ചട്ടങ്ങൾ, ചട്ടം 24 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ സവിശേഷാധികാരം ഉപയോഗിച്ച് ശ്രീ.മാണി ഡൊമിനിക്കിന് പാർപ്പിട ആവശ്യത്തിനായി, സൗജന്യമായി, പതിച്ചു നൽകാവുന്നതാണോ?

**GOVERNMENT OF KERALA**
(SRI. PINARAYI VIJAYAN MINISTRY)
NOTE FOR COUNCIL OF MINISTERS

| | | |
|---|---|---|
| 1. File Number | : | A2/205/2022/RD |
| 2. Department | : | Revenue (A) Department |
| 3. Subject | : | The assignment of 0.1214 Ha (29.9858 Cent) of land in Survey No.182 of Manjumala village to Sri.Mani Dominic for residential purpose, free of cost, by invoking the special powers vested in Government under the Rule 24 of Kerala Land Assignment Rule 1964 – reg. |
| 4. Date of Chief Minister's order for placing before the Council | : | 08/07/2023 |
| 5. (i) Does the case involve financial commitments/ implications | : | Yes |
| (ii) If the answer to the above is in the affirmative, whether Finance Department been consulted and their remarks incorporated in the Council Note | : | Yes |
| 6. Are any other Departments concerned with the case if so, have they been consulted and their remarks incorporated in the Note for the Council | : | Yes, remarks of Law Department has been incorporated. |
| 7. Name of Additional Secretary who submitted the Draft Note | : | Smt.Mary Laly.C.Y |
| 8. Name of the Principal Secretary who approved the Draft Note | : | Smt.Tinku Biswal |
| 9. Date of approval of Draft Note for the Council by the Principal Secretary | : | 18/08/2023 |
| 10. Name of Chief Secretary who approved the Draft Note | : | Dr.Venu.V |
| 11. Date of approval of the Draft Note for the Council by the Chief Secretary | : | 21/08/2023 |
| 12. Name of Minister who approved the Draft Note | : | Sri. K.Rajan |
| 13. Date of approval of the Draft Note for the Council by the Minister | : | 23/08/2023 |
| 14. Date of submission of fair copies | : | 26/08/2023 |
| 15. Date of decision by the Council of Ministers | : | |
| 16. Number and date of Government Order/ letter communicating the decision | | |

## NOTE FOR COUNCIL OF MINISTERS

This note deals with the assignment of either 0.1214 Ha (29.9858 Cent) or 25 Cents of land in Survey No.182 of Manjumala village Peerumedu Taluk, Idukki District to Sri.Mani Dominic for residential purpose free of cost, by invoking the special powers vested in Government under the Rule 24 of Kerala Land Assignment Rule 1964.

2. As per the application submitted by Sri.Mani Dominic before the District Collector, Idukki on 19.05.1992, the Forest Department evicted him in 1973 from 4 Acres of Forest Land at Pambala in Thodupuzha Taluk under his possession . As he did not have a single cent of land of his own, he applied to get back the evicted land. The Tahsildar, Thodupuzha reported that the applicant was among those who were evicted from Pambala and recommended that the application of the petitioner can be considered for rehabilitation.

3. As per the provison in GO (MS) No.278/92/RD dtd 22.05.1992 , those who were evicted from forest land prior to 01.01.1977 can be considered for resettlement. Based on this Government issued letter No. 65487/P2/92/RD dated 17.12.1992, directing the District Collector Idukki to assign him a land suitable for the construction of a residential house. After noticing that sufficient land for assignment was reserved in Mankulam village, in the KDH area, the Tahsildar Devikulam had taken steps to assign 25 cents of land in plot number 1134 of Mankulam village.

4. But as Rule 26, special powers of Government to assign surplus land in KDH area, was deleted from the KDH Rules 1977, the proposed land could not be assigned. Consequently, all steps taken for the transfer of land in Mankulam were cancelled. Instead, steps were taken to find out an alternative land suitable to build house elsewhere. But the petitioner encroached one hectare of land in plot No. 1134 and argued for the assignment of land equal in extent to the Forest Land parcel from which he was evicted . While eviction proceedings were initiated against Sri. Mani Dominic by Revenue Department authorities, he approached the Government against this. Government stayed the eviction proceedings as per letter No. 78331/R3/94/RD.

5. Meanwhile the petitioner filed OP.15085/96 before the Hon'ble High Court alleging that the District Collector and Tahsildar were not obeying the stay order issued by the Government vide letter dated 06.03.1996 and as per interim order dated 08.10.96, High Court ordered the respondents concerned to comply with the stay order issued by the Government. The Hon'ble High Court in the Judgement dated 28.06.05 directed the Government to dispose of the matter finally with notice to the petitioner. The Hon'ble High Court also made it clear that while passing orders, as above, the request of the petitioner for assignment will also be considered in accordance with law. The Court further

ordered that till the disposal of the case by Government, interim order passed by the Court will continue. The petitioner was heard on 28.06.2006. During the hearing, he stated that he has been residing in the said land for the past 17 years and he requested to assign the land to him. But, Government decided to reject his request on the basis of the KDH Act and Rules. Thus, G.O.(RT) No.4062/06/RD dtd 05.10.2006 was issued rejecting the petitioner's application and instructing the District Collector, Idukki to assign 25 cents of land to Sri.Mani Dominic anywhere in Idukki district other than Mankulam. In the order, it was also specified that the stay order issued as per Government letter No. 78331/R3/94/RD dated 06.03.1996 against the eviction will be vacated only after allotment of alternative land to Sri.Mani Dominic.

6. Land Revenue Commissioner and District Collector, Idukki were instructed to inform whether 25 cents of land in any place, other than Mankulam in Idukki district, was available for assigning to Sri.Mani Dominic. The District Collector, Idukki and the Land Revenue Commissioner have reported that 0.1214 hectare (29.9858 cents) of land has been found for Sri.Mani Dominic in survey number 182 of Manjumala village and the market value of the same has been estimated at Rs.12,400/- per Are.

7. In this matter, Law Department opined as follows :

"1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ, ചട്ടം 4 അനുസരിച്ച് കൃഷി, ഭവന നിർമാണം, അയൽ വസ്തുവിന്റെ ഗുണകരമായ അനുഭവം എന്നീ ആവശ്യങ്ങൾക്കായാണ് സർക്കാർ ഭൂമി പതിച്ച് നൽകാറുള്ളത്. ചട്ടം 6 അനുസരിച്ച് ഭവന നിർമാണത്തിനായി പരമാവധി 15 സെന്റ് വരെ ഭൂമിയാണ് പതിച്ച് നൽകുന്നതിന് വ്യവസ്ഥയുള്ളത്. ടി കേസിൽ മഞ്ചു മല വില്ലേജിലെ സർവ്വേ നമ്പർ 182 ൽ പെട്ട 0.1214 ഹെക്ടർ (29.9858 സെന്റ്) ഭൂമിയാണ് ശ്രീ. മാണി ഡൊമിനിക്കിന് പതിച്ചു നൽകുന്നതിനായി കണ്ടെത്തിയിട്ടുള്ളത്. 1960 ലെ കേരള ഭൂമി പതിവ് നിയമം, വകുപ്പ് 4 അനുസരിച്ച് കൃഷി, ഭവന നിർമാണം എന്നീ ആവശ്യങ്ങൾക്കായി ഭൂമി പതിവ് ചെയ്ത് നൽകുന്നതിനുള്ള അധികാരി തഹസിൽദാറാണ് . എന്നാൽ ടി നിയമത്തിലും ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ പ്രസ്തുത ആവശ്യങ്ങൾക്കായി പതിച്ച് നൽകുന്നതിന് അനുവദനീയമായ അളവിലുള്ള ഭൂമി നിശ്ചയിച്ചിട്ടുള്ള നിരക്ക് ഈടാക്കി മാത്രമെ പതിച്ച് നൽകുവാൻ സാധിക്കുകയുള്ളൂ. എന്നാൽ 1964 ലെ ഭൂമി പതിവ് ചട്ടങ്ങൾ, ചട്ടം 24 അനുസരിച്ച് പൊതു താൽപര്യാർത്ഥം ഭൂമി പതിച്ച് നൽകേണ്ടത് അത്യന്താപേക്ഷിതമാണെന്ന് സർക്കാരിന് ബോധ്യപ്പെടുന്ന സംഗതിയിൽ ടി ചട്ടങ്ങളിലെ വ്യവസ്ഥകൾ ബാധകമാക്കാതെ സർക്കാർ നിശ്ചയിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി ഏതൊരു ഭൂമിയും പതിച്ച് നൽകുന്നതിന് സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതാണ്.

ഒ.പി.15085/96 കേസിൽ 28/06/2005 ന് പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായം നടപ്പിലാക്കിക്കൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള G.O.(Rt) No.4062/06/RD. dtd. 05.10.06 സർക്കാർ ഉത്തരവ് പ്രകാരം ഇടുക്കി ജില്ലയിൽ മറ്റെവിടെയെങ്കിലും ടിയാന് 25 സെന്റ് ഭൂമി പതിച്ചു നൽകുന്നതിന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിക്കൊണ്ടും അപ്രകാരം പതിച്ച് നൽകുന്നത് വരെ ടിയാനെ ഒഴിപ്പിക്കരുത് എന്നും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. എന്നാൽ നാളിതുവരെ ഭൂമി പതിച്ച് നൽകിയിട്ടില്ല. ടിയാന് പതിച്ചുനൽകുന്നതിനായി കണ്ടെത്തിയിട്ടുള്ള ലാൻഡ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള മഞ്ചു മല വില്ലേജിലെ സർവ്വേ നമ്പർ 182 ൽ പെട്ട 0.1214 ഹെക്ടർ ( 29.9858 സെന്റ് സംബന്ധിച്ച് ) ഭൂമി 1964 ലെ ഭൂമി പതിവ് ചട്ടങ്ങൾ, ചട്ടം 24 പ്രകാരമുള്ള സവിശേഷാധികാരമുപയോഗിച്ച് പതിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു".

8. In this matter, Finance Department opined as follows;

*"ശ്രീ.മാണി ഡൊമിനിക് മുൻപ് കൈയ്യേറ്റം നടത്തിയിട്ടുണ്ടെങ്കിലും താമസ സൗകര്യം (പാർപ്പിടം) എന്നത് അടിസ്ഥാന ആവശ്യമാണ് എന്ന വസ്തുത മുൻ നിർത്തിയും, നിയമ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലും മഞ്ചു മല വില്ലേജിലെ സർവ്വേ നമ്പർ 182 ൽ പെട്ട 0.1214 ഹെക്ടർ (29.9858 സെന്റ്) ഭൂമി 1964 ലെ ഭൂമി പതിവ് ചട്ടങ്ങൾ, ചട്ടം 24 പ്രകാരമുള്ള സവിശേഷാധികാരമുപയോഗിച്ച് സൗജന്യമായി പതിച്ച നല്കുന്നതിനോട് ധനവകുപ്പ് യോജിക്കുന്നു എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു."*

9. When the file was circulated for orders on assigning 0.1214 Ha (29.9858 Cent) of land in Survey No.182 of Manjumala village to Sri.Mani Dominic for residential purpose free of cost, by invoking the special powers vested in Government under the Rule 24 of Kerala Land Assignment Rule 1964, the Hon'ble Chief Minister ordered to place the matter before the Council of Ministers.

## Point for Decision

Whether an extent of 0.1214 Ha (29.9858 cents) of land in Survey No.182 of Idukki District, Peerumedu Taluk, Manjumala village may be assigned to Sri.Mani Dominic who was evicted from Forest Land during 1973, based on the provisions of G.O.(Ms)278/92/RD dtd 22/05/92 and as reported by District Collector and Land Revenue Commissioner, for residential purposes, free of cost, by invoking the special powers vested in Government under the Rule 24 of Kerala Land Assignment Rule 1964?